15
ഫെബ്രുവരി 2018 വ്യാഴം
1193 കുംഭം 03
തിരുവനന്തപുരം

# കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ
14 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം

ബസ് ചാർജ് വർദ്ധന മാർച്ച് ഒന്നിന്; പെൻഷൻ ഫെബ്രു.20ന്
പേജ് 7

ആറ് മെഡി. കോളേജുകളിൽ ഓട്ടിസം സെന്ററുകൾ
പേജ് 8

ഷുഹൈബ് വധം: സി.ഐ.ടി.യുക്കാരൻ കസ്റ്റഡിയിൽ
പേജ് 7



## സ്വകാര്യ ആശുപത്രി നഴ്സുമാർ ഇന്ന് പണിമുടക്കും

തിരുവനന്തപുരം: ചേർത്തല കെ. വി. എം ആശുപത്രിയിലെ നഴ്സുമാരുടെയും ജീവനക്കാരുടെയും സമരം ഒത്തുതീർക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തെ സ്വകാര്യ, സഹകരണ ആശുപത്രികളിലെ നഴ്സുമാർ ഇന്ന് പണിമുടക്കും. രാവിലെ 7ന് തുടങ്ങുന്ന പണിമുടക്ക് നാളെ രാവിലെ 7 വരെ നീണ്ടുനില്ക്കും.

ആശുപത്രിക്ക് മുന്നിൽ നിരാഹാര സമരം നടത്തുന്ന യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ സെക്രട്ടറി സുജനപാൽ അച്യുതന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പണിമുടക്കുന്ന അരലക്ഷത്തോളം നഴ്സുമാർ സമരഷന്തലിൽഎത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു. ശമ്പളപരിഷ്കരണം ഉടൻ നടപ്പിലാക്കുക, ഒടയിനി സമ്പ്രദായം അവസാനിപ്പിക്കുക, പ്രതികാരനടപടികൾ നിറുത്തലാക്കുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ച് നടത്തുന്ന സമരം 180 ദിവസം പിന്നിടുകയാണ്.

## തലവര

മിനിമം ബസ് ചാർജ് എട്ടുരൂപയാക്കി



എട്ടിന്റെ പണി കിട്ടിക്കൊണ്ടിരുന്നാൽ ചക്രം ചവിട്ടും

# പഞ്ചാബ് നാഷണൽ ബാങ്കിന്റെ 11,000 കോടി രത്നവ്യാപാരി കമഴ്ത്തി

● സി.ബി.ഐ അന്വേഷണം തുടങ്ങി ● സംശയ മുന രത്നവ്യാപാരി നീരവ് മോദിയിലേക്ക്

മുംബയ്: പഞ്ചാബ് നാഷണൽ ബാങ്കിന്റെ മുംബയ് ബ്രാഡി ഹൗസ് ശാഖയിൽ 11,342 കോടിയുടെ തട്ടിപ്പ് നടന്നു. ഇതിന്റെ പിന്നിൽ രത്നവ്യാപാരിയായ നീരവ് മോദിയാണെന്നാണ് സി. ബി. ഐ സംശയിക്കുന്നത്. ഇതേ ബാങ്കിൽ 280 കോടിയുടെ മറ്റൊരു തട്ടിപ്പിന് നിലവിൽ ഇയാൾ സി. ബി. ഐ അന്വേഷണം നേരിടുകയാണ്. രണ്ടാഴ്ചയ്ക്കിടെ ഒരേ വ്യക്തിതന്നെ ഒരേ ബാങ്കിനെതിരെ തട്ടിപ്പ് നടത്തുന്ന അസാധാരണ സംഭവമായിരിക്കുകയാണിത്. ബാങ്കിന്റെ ഗാരന്റിയിൽ വിദേശത്ത് നിന്നാണ് പണം പിൻവലിച്ചത്. ബാങ്ക് നൽകിയ പരാതിയിൽ സി. ബി. ഐയുംഎൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും അന്വേഷണം തുടങ്ങി. തട്ടിപ്പ് പുറത്തുവന്നതിനെ തുടർന്ന് ശാഖയുടെ ഡെപ്യൂട്ടി മാനേജർ ഉൾപ്പെടെ പത്ത് ജീവനക്കാരെ സസ്പെൻഡ് ചെയ്തു. 11,342 കോടിയുടെ തട്ടിപ്പിന് പിന്നിൽ രത്നവ്യാപാരിക്ക് പുറമേ മറ്റുചില അക്കൗണ്ട് ഉടമകളുമുണ്ടെന്ന് സൂചനയുണ്ടെങ്കിലും ആരുടെയും പേരുകൾ ബാങ്ക് പുറത്തുവിട്ടിട്ടില്ല. ഈ പണമിടപാടുകൾ ചുണ്ടിക്കാട്ടിഇവർമറ്റു ചിലബാങ്കുകളിൽനിന്നവൻതുക വായ്പസംഘടിപ്പിച്ചതായും അന്വേഷണ സംഘത്തിന് വിവരം ലഭിച്ചിട്ടുണ്ട്. ആദ്യം 280 കോടിയുടെ തട്ടിപ്പ്രത്നവ്യാപാരി നീരവ് മോദി, ഭാര്യ എമി, സഹോദരൻ നിഷാൽ, ഒരു ബിസിനസ് പങ്കാളി എന്നിവർ ചേർന്നാണ് നടത്തിയത്. ബാങ്കിന്റെ പരാതിയിൽ ഇവരെ പ്രതികളാക്കി സി.ബി.ഐ ഈ മാസം 5ന് കേസ് രജിസ്റ്റർ ചെയ്തു. അതിനിടെയാണ് ഇന്നലെ 11,342 കോടിയുടെതട്ടിപ്പിന്റെസൂചനബാങ്കിന് കിട്ടിയത്. തുടർന്ന് രത്നവ്യാപാരിക്കെതിരെമറ്റൊരുകേസുംബാങ്ക് നൽകി. ബാങ്ക് ജീവനക്കാരുടെ സഹായത്തോടെയാണ് തട്ടിപ്പ് നടന്നിരിക്കുന്നതെന്നാണ് പ്രാഥമിക നിഗമനം. രാജ്യത്തെ രണ്ടാമത്തെ വലിയ പൊതുമേഖലാ ബാങ്കാണ് പഞ്ചാബ് നാഷണൽ ബാങ്ക്.

### ആരാണ് നീരവ് മോദി?

- കോടീശ്വരനായ ആഗോള രത്ന വ്യാപാരി, രത്നാഭരണ ഡിസൈനർ
- ബിസിനസ് ആസ്ഥാനം മുംബയിൽ
- 1999ൽ ഫയർസ്റ്റാർ (പിന്നീട് ഫയർസ്റ്റോൺ) എന്ന രത്ന വ്യാപാര കമ്പനി തുടങ്ങി
- 2013ൽഇന്ത്യൻകോടീശ്വരന്മാരുടെഫോബ്സ്മാഗസിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടു
- ഡയമണ്ട് ആർ അസ്, സോളാർ എക്സ്പോർട്സ്, സ്റ്റെല്ലർ ഡയമണ്ട് എന്നീ കമ്പനികളുടെയും ഉടമ

### തട്ടിപ്പ് നടന്നത് എങ്ങനെ

ബാങ്കുകൾ തമ്മിലുള്ള ആശയ വിനിമയ സംവിധാനത്തിന്റെ ഭാഗമായി ലെറ്റർ ഒഫ് അണ്ടർടേക്കിംഗ് (എൽ.ഒ.യു) നൽകാറുണ്ട്. "ഞങ്ങളുടെ ബാങ്കിലെ അക്കൗണ്ട് ഉടമയായ ഇന്നയാൾക്ക് നിങ്ങളുടെ ബാങ്ക് ഇത്ര രൂപ കടം നൽകണം അതിന്റെഉത്തരവാദിത്വംഞങ്ങൾ ഏൽക്കുന്നു" എന്നതാണ് എൽ. ഒ. യുവിന്റെ അടിസ്ഥാനം. ഇങ്ങനെ പഞ്ചാബ് നാഷണൽ ബാങ്ക് യൂണിയൻ, അലഹബാദ്, ആക്സിസ് ബാങ്കുകൾക്ക് എൽ. ഒ. യു നൽകി. വിദേശത്തുള്ള ഒരു ജൂവലറി ഉടമയ്ക്ക് (രത്നവ്യാപാരി നീരവ് മോദിയാണ് അതിന്റെ ഉടമ എന്നാണ് സി. ബി. ഐ സംശയിക്കുന്നത്) പണം നൽകാനാണ് ആ വശ്യപ്പെട്ടത്. അതനുസരിച്ച് ഈ ബാങ്കുകൾ അവരുടെ വിദേശത്തുള്ള ശാഖകൾ വഴി പണം നൽകി. ഇത് 2010 മുതൽ നടക്കുന്നതാണ്. ഇതിനിടെ പഞ്ചാബ് നാഷണൽ ബാങ്ക് ജൂവലറി ഉടമയോട് നൽകിയ പണത്തിന്റെ 10 ശതമാനം മാർജിനായി അധികം വേണമെന്ന് ആവശ്യപ്പെട്ടു. അത് നൽകാൻ അയാൾ തയ്യാറായില്ല. ഇടർന്ന് എൽ. ഒ. യു പിൻവലിക്കുന്നതായി പഞ്ചാബ്ബാങ്ക്മറ്റ്ബാങ്കുകളെഅറിയിച്ചു. ഹോങ്കോംഗിലെജൂവലറിക്ക് പണം നൽകിയ ശാഖ അവിടത്തെ സാമ്പത്തിക നിയന്ത്രണസമിതിയെയും റിസർവ് ബാങ്കിനെയും വിവരം അറിയിച്ചു.

ഇടർന്നാണ് കേസായത്. പണം നൽകിയ ബാങ്കുകൾ കേസ് നൽകിയിരിക്കുന്നത് ജൂവലറി ഉടമയ്ക്ക് എതിരെ അല്ല. പഞ്ചാബ് നാഷണൽ ബാങ്കിന് എതിരെയാണ്. ബാങ്കുകൾ തമ്മിലുള്ള ആശയവിനിമയ സംവിധാനത്തിന്റെ ഭാഗമായി ലെറ്റർ ഒഫ് അണ്ടർടേക്കിംഗ് (എൽ.ഒ.യു) നൽകാറുണ്ട്. "ഞങ്ങളുടെ ബാങ്കിലെ അക്കൗണ്ട് ഉടമയായ ഇന്നയാൾക്ക് നിങ്ങളുടെ ബാങ്ക് ഇത്ര രൂപ കടം നൽകണം അതിന്റെഉത്തരവാദിത്വംഞങ്ങൾ ഏൽക്കുന്നു" എന്നതാണ് എൽ. ഒ. യുവിന്റെ അടിസ്ഥാനം. ഇങ്ങനെ പഞ്ചാബ് നാഷണൽ ബാങ്ക് യൂണിയൻ, അലഹബാദ്, ആക്സിസ് ബാങ്കുകൾക്ക് എൽ. ഒ. യു നൽകി. വിദേശത്തുള്ള ഒരു ജൂവലറി ഉടമയ്ക്ക് (രത്നവ്യാപാരി നീരവ് മോദിയാണ് അതിന്റെ ഉടമ എന്നാണ് സി. ബി. ഐ സംശയിക്കുന്നത്) പണം നൽകാനാണ് ആവശ്യപ്പെട്ടത്. അതനുസരിച്ച് ഈ ബാങ്കുകൾ അവരുടെ വിദേശത്തുള്ള ശാഖകൾ വഴി പണം നൽകി. ഇത് 2010 മുതൽ നടക്കുന്നതാണ്. ഇതിനിടെ പഞ്ചാബ് നാഷണൽ ബാങ്ക് ജൂവലറി ഉടമയോട് നൽകിയ പണത്തിന്റെ 10 ശതമാനം മാർജിനായി അധികം വേണമെന്ന് ആവശ്യപ്പെട്ടു. അത് നൽകാൻ അയാൾ തയ്യാറായില്ല. ഇടർന്ന് എൽ. ഒ. യു പിൻവലിക്കുന്നതായി പഞ്ചാബ്ബാങ്ക്മറ്റ്ബാങ്കുകളെഅറിയിച്ചു. ഹോങ്കോംഗിലെജൂവലറിക്ക് പണം നൽകിയ ശാഖ അവിടത്തെ സാമ്പത്തിക നിയന്ത്രണസമിതിയെയും റിസർവ് ബാങ്കിനെയും വിവരം അറിയിച്ചു.

തുടർന്നാണ് കേസായത്. പണം നൽകിയ ബാങ്കുകൾ കേസ് നൽകിയിരിക്കുന്നത് ജൂവലറി ഉടമയ്ക്ക് എതിരെ അല്ല. പഞ്ചാബ് നാഷണൽ ബാങ്കിന് എതിരെയാണ്. ബാങ്ക് പറയുന്നത്.

### മറ്റ് 3 ബാങ്കുകൾക്കും പണം പോകും

11,000 കോടിയുടെ തട്ടിപ്പിൽ പഞ്ചാബ് നാഷണൽ ബാങ്കിനെ കൂടാതെ യൂണിയൻ ബാങ്ക്, അലഹബാദ്ബാങ്ക്എന്നീ പൊതുമേഖലാ ബാങ്കുകളും സ്വകാര്യ ബാങ്കായ ആക്സിസ് ബാങ്കും ഉൾപ്പെട്ടിട്ടുണ്ട്. ഈ നാല് ബാങ്കുകൾക്കും പണം നഷ്ടമാകും.

### പഞ്ചാബ്നാഷണൽ ബാങ്കിന്റെ ഓഹരിമൂല്യം 9% ഇടിഞ്ഞു

തട്ടിപ്പ് നടന്നുവെന്ന് റിസർവ് ബാങ്കിനെയും മുംബയ് ഓഹരി വിപണിയെയും (ബി. എസ്. ഇ) പഞ്ചാബ് നാഷണൽ ബാങ്ക് ഇന്നലെ അറിയിച്ചിരുന്നു. ഇതോടെ, ബാങ്കിന്റെ ഓഹരി മൂല്യം ഇന്നലെ വൻ ഇടിവ് രേഖപ്പെടുത്തി. ബി. എസ്. ഇയിൽ 9.81 ശതമാനം ഇടിവാണ് ബാങ്ക് കുറിച്ചത്.

### ബാദ്ധ്യത ആര് വഹിക്കും?

തട്ടിപ്പിനെ തുടർന്നുണ്ടായ നഷ്ടം ആര് വഹിക്കുമെന്ന കാര്യം അന്വേഷണം പൂർത്തിയായ ശേഷമേ തീരുമാനിക്കാനാവൂ എന്നാണ് പഞ്ചാബ്നാഷണൽ ബാങ്ക് പറയുന്നത്.

*ചാലക്കുടി വാൽപ്പാറയിൽ നാല്വയസുകാരനെ കടിച്ചുകൊന്ന പുലി നട്ടമല എസ്റ്റേറ്റിൽ സ്ഥാപിച്ച കെണിക്കൂട്ടിൽ കുടുങ്ങിയപ്പോൾ. അഞ്ചു വയസുള്ള ആൺപുലിയെ പിന്നീട് വനപാലകരെത്തി പറമ്പിക്കുളം കടുവ സങ്കേതത്തിലേക്ക് തുറന്നുവിട്ടു*

# കൊടുംഭീകരൻ ആരിസ്ഖാൻ പിടിയിൽ

*ആരിസ് അറസ്റ്റിലായപ്പോൾ*

ന്യൂഡൽഹി: പത്തു വർഷം മുമ്പ് ബട്ലാഹൗസ് ഏറ്റുമുട്ടലിനിടെ ഡൽഹി പൊലീസിനെ വെട്ടിച്ച് കടന്ന ഇന്ത്യൻമുജാഹിദ്ദീൻ ഭീകരൻ ആരിസ്ഖാൻ എന്നജുനൈദ് പിടിയിലായി. കൊടുംഭീകരനായ ഇയാളുടെ തലയ്ക്ക് ഡൽഹി പൊലീസ് പത്തു ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. നേപ്പാൾ അതിർത്തിയിൽ നിന്നാണ് പൊലീസ് പിടികൂടിയത്. 2008ൽ ഡൽഹിയിൽ നടന്ന സ്ഫോടന പരമ്പര ആസൂത്രണം ചെയ്തത് ആരിസിന്റെ നേതൃത്വത്തിലാണെന്ന് പൊലീസ് പറയുന്നു. തിരക്കേറിയ കൊണാട്ട്പ്ലേസ് അടക്കം നാലിടങ്ങളിൽ 30 പേർമരിച്ച സ്ഫോടനത്തിന് ശേഷം ജാമിയാ നഗറിലെ ബട്ലാഹൗസിൽ ഒളിച്ച ആരിസിനെയും കൂട്ടാളികളെയും പൊലീസ് വളഞ്ഞു. ഏറ്റുമുട്ടലിൽ രണ്ടുപേർ കൊല്ലപ്പെട്ടെങ്കിലും ആരിസ് രക്ഷപ്പെട്ടിരുന്നു. ഉത്തർപ്രദേശിലെ അസംഗഡ് സ്വദേശിയായ ആരിസ്ഖാൻ എൻജിനിയറാണ്.

ബാങ്ക് തട്ടിപ്പ്: കൂടുതൽ വാർത്തകൾ പേജ് 4, 11

# കമലഹാസൻ അഭിനയം നിറുത്തി; പരിപൂർണ രാഷ്ട്രീയത്തിലേക്ക്

രാഷ്ട്രീയനിലപാട് പ്രഖ്യാപനം 21ന് രാമേശ്വരത്ത്

ബോ സ്റ്റൺ: രണ്ടു സിനിമകൾ റിലീസാവാൻ ശേഷിക്കെ ഉലകനായകൻ കമലഹാസൻ അഭിനയം അവസാനിപ്പിച്ച് പൂർണസമയ രാഷ്ട്രീയ പ്രവർത്തനത്തിന് സജ്ജമായി.

ഈ മാസം 21ന് മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ രാമേശ്വരത്തെ വീട്ടിൽ നിന്ന് രാഷ്ട്രീയയാത്ര ആരംഭിക്കും. രാഷ്ട്രീയനിലപാട് എന്താണെന്നും അന്ന് പ്രഖ്യാപിക്കും. ബോസ്റ്റണിലെ ഹാർഡ്വാർഡ് സർവകലാശാലയിൽ ഒരു സ്വകാര്യ ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിലാണ് കമലഹാസൻ ഇക്കാര്യം വെളിപ്പെടുത്തിയത്. ഹൈന്ദവ വർഗീയത രാജ്യത്തിന് ഭീഷണിയായിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ബോസ്റ്റണിൽ പറഞ്ഞു.

തിരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയപ്പെട്ടാൽ തീരുമാനംമാറ്റുമോഎന്നചോദ്യത്തിന് ജീവിക്കാനായിഎന്തെങ്കിലും ജോലി ചെയ്തേങ്കിൽ വരുമെന്നും പക്ഷേ, തോൽക്കില്ലെന്ന് പൂർണവിശ്വാസമുണ്ടെന്നും പ്രതികരിച്ചു. രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ച് പരിചയമില്ലെങ്കിലും കഴിഞ്ഞ 37 വർഷമായി പൊതുപ്രവർത്തനരംഗത്തുണ്ട്. ഇതിലൂടെ 10 ലക്ഷത്തോളംഅനുയായികളെ സമ്പാദിക്കാൻ സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തമിഴ്നാട്ടിലെ എട്ട് ഗ്രാമങ്ങളെ ദത്തെടുത്ത് മാതൃകാ ഗ്രാമങ്ങളാക്കി മാറ്റാനുള്ള പദ്ധതി ഹാർഡ്വാർഡ് സർവകലാശാലയിൽ കമലഹാസൻ പരിചയപ്പെടുത്തി. രാമേശ്വരം, മധുര, ശിവഗംഗതുടങ്ങിതമിഴ്നാട്ടിലെസുപ്രധാന പ്രദേശങ്ങൾ സന്ദർശിച്ച് എട്ട് ഗ്രാമങ്ങളെ തിരഞ്ഞെടുത്ത് ആരോഗ്യം, വിദ്യാഭ്യാസം, ഊർജം, ശുദ്ധജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

രാമേശ്വരം ഉൾപ്പെടുന്ന രാമനാഥപുരം ജില്ലയിലെ പരമക്കുടിയാണ് കമലഹാസന്റെ ജന്മദേശം.

**"എ**ന്റെ രാഷ്ട്രീയത്തിന്റെ നിറം കറുപ്പാണ്; കാവിയല്ല. ദ്രാവിഡ സംസ്കാരത്തെ സംരക്ഷിക്കുന്നതായിരിക്കും എന്റെ രാഷ്ട്രീയം. മുഖ്യമന്ത്രിയാവുകയല്ലലക്ഷ്യം. ബാങ്ക് അക്കൗണ്ട് വർദ്ധിപ്പിക്കാനുമല്ല. ജനങ്ങളെ സേവിച്ചുകൊണ്ടായിരിക്കും എന്റെ മരണം."

കമലഹാസൻ

# സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉറക്കത്തിൽ

എസ്. പ്രേംലാൽ

തിരുവനന്തപുരം: സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നത് അനന്തമായിനീളുന്നു. പദ്ധതി എങ്ങനെ നടപ്പാക്കണമെന്നതിനെപ്പറ്റി ഉദ്യോഗസ്ഥർക്ക്വ്യക്തതയില്ല. ഇതാണ് പദ്ധതിനിളാൻ ഇടയാക്കുന്നത്. സർക്കാരിന് സാമ്പത്തിക ലാഭവും ജീവനക്കാർക്ക് സൗകര്യപ്രദവുമാകുന്ന സ്കീമാണ് പ്രഖ്യാപിച്ച് 14 മാസമായിട്ടും നടക്കാതിരിക്കുന്നത്. 300 രൂപ പ്രീമിയം അടച്ച് 5 ലക്ഷം രൂപയുടെ ചികിത്സ ഉറപ്പാക്കുന്ന രീതിയാണ് ആദ്യം സ്വീകരിച്ചതെങ്കിലും അതിലും അന്തിമതീരുമാനമായില്ല. എത്ര രൂപപ്രീമിയംനിശ്ചയിക്കണമെന്നുംഎത്രരൂപയ്ക്കുവരെചികിത്സനൽകുമെന്നുമുള്ളകാര്യങ്ങളിലാണ് വ്യക്തതയില്ലാത്തത്. ഇൻഷ്വറൻസ് കമ്പനികൾ താത്പര്യംപ്രകടിപ്പിച്ച്മുന്നോട്ട് വന്നിട്ടുണ്ട്. ചെറിയ പ്രീമിയവും വലിയ ചികിത്സാ ഉകയും ഉറപ്പ് നൽകുന്ന കമ്പനിയുമായി കരാർ ഉറപ്പിക്കണമെന്ന നിർദ്ദേശമാണ് ഉയർന്നുവന്നിട്ടുള്ളത്.

### റീഇംബേഴ്സ് മെന്റിന് നൽകിയത് വൻതുക

വലിയ തുകയാണ് റീഇംബേഴ്സ്മെന്റിന് സർക്കാർ ഓരോ വർഷവും നൽകുന്നത്. പെൻഷൻകാർക്ക് 300 രൂപയാണ് മെഡിക്കൽ അലവൻസായി നൽകുന്നത്. ഇൻഷ്വറൻസ് സ്കീം വരുന്നതോടെ റീഇംബേഴ്സ്മെന്റിന് നൽകുന്ന തുകയാണ് സർക്കാരിന് ലാഭമാകുന്നത്. മുൻവർഷങ്ങളിൽ റീഇംബേഴ്സ്മെന്റിന് നൽകിയ തുക ചുവടെ.

**മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള ബഡ്ജറ്റ് വിഹിതം കോടിയിൽ (ബ്രാക്കറ്റിൽ നൽകിയ തുക)**

| | |
|---|---|
| 2013-14 | 41.85 (49.85) |
| 2014-15 | 53.84 (42.99) |
| 2015-16 | 58.84 (38.53) |
| 2016-17 | 62.91 (42.05) |
| 2017-18 | 64.28 |

### ചികിത്സയ്ക്ക് ഹെൽത്ത് കാർഡ്

എല്ലാ ജീവനക്കാർക്കും, പെൻഷൻ, കുടുംബ പെൻഷൻകാർക്കും പദ്ധതിയുടെ ഭാഗമായി ഹെൽത്ത് കാർഡ് നൽകും. മറ്റ് കടമ്പകളൊന്നുമില്ലാതെ ഇതുകാണിച്ച് ചികിത്സ തേടാനാവുമെന്നതാണ് പ്രത്യേകത.

### പ്രീമിയം അലവൻസിൽ നിന്ന്

പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും പ്രീമിയം, ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആരോഗ്യ അലവൻസിൽ നിന്നു കുറവ് ചെയ്യും. ആരോഗ്യ അലവൻസിൽ അർഹതയില്ലാത്തവരുടെ പ്രീമിയം നേരിട്ട് സ്വീകരിക്കുമെന്ന് പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനെപ്പറ്റി അന്ന് അഡിഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. കെ. എം. എബ്രഹാം പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

*ഇതാ ഒരു വാലന്റൈൻസ് സെൽഫി*

# തെരേസാസിലേക്കുള്ള പ്രണയപ്പൂക്കൾ ചെന്നുകൊണ്ടത് പാവം പൊലീസിന്

കൊച്ചി: ലാ കോളേജിലെ ആൺകുട്ടികൾക്ക്വളരെചെറിയൊരുമോഹം. റോസാപ്പൂക്കൾ കൊടുക്കണം. അതുംസെന്റ്തെരേസാസ് കോളേജിൽ കയറി പെൺപടയ്ക്ക്. വാലന്റൈൻസ്ദിനം വിളിച്ചറിയിച്ച് ചെമ്പനീർപൂക്കളുമായി രാജകീയമായി പോകാനായിരുന്നു നിയമ വിദ്യാർത്ഥികളുടെ ഒരുക്കം.

പ്രണയാതുര നിമിഷങ്ങൾ ഒഷാൻ ബി. ബി. സിപ്രതിനിധികൾ ലാ കോളേജിൽ കയറിയതോടെ പണി പാളി. പ്രിൻസിപൽ പൊലീസിനെ വിളിച്ചു വിദേശികൾ കോളേജ് ചിത്രീകരിക്കുന്നതുകൂടി അറിഞ്ഞതോടെ പൊലീസ് പാഞ്ഞെത്തിയെങ്കിലും വിദ്യാർത്ഥികൾ പരിപാടിയുമായി മുന്നോട്ട് പോകാനായി നീക്കം. സെൻട്രൽ സി. ഐ അനന്തലാലിന്റെ നേതൃത്വത്തിൽ കൂടുതൽ പൊലീസെത്തി വിദ്യാർത്ഥികളെ തടഞ്ഞു. ഇതോടെ പൊലീസിനെ നേരെ ചീത്തവിളിയായി. അങ്ങോട്ടും ഇങ്ങോട്ടും ഉന്തും തള്ളും. പൊലീസുകാർ വിദ്യാർത്ഥികളെ തള്ളി കോളേജ് ഗേറ്റിനുള്ളിലാക്കി. ഇതോടെ പൊലീസുകാർ കയറാതിരിക്കാനായി വിദ്യാർത്ഥികൾ ഗേറ്റടച്ചു. പ്രകോപനമുണ്ടാക്കിയാൽ കളിമാറുമെന്ന് പൊലീസ് മുന്നറിയിപ്പ് നൽകിയതോടെ വനിതാ കോളേജായ സെന്റ് തെരേസാസിലേക്കുള്ള പോക്ക് വേണ്ടെന്നുവച്ചു. ഗേറ്റിന് മുകളിൽ കയറി പൊലീസിനെനേരെചുവന്നറോസാപുഷ്പങ്ങൾഎറിഞ്ഞ്അവർപ്രണയദിനമാഘോഷിച്ചു.

ദൃശ്യങ്ങൾ ചിത്രീകരിച്ച രണ്ട് വിദേശികളെ പൊലീസ് തോടെ പൊലീസുകാർക്കൊപ്പം ഹോട്ടലിൽ പോയി പാസ്പോർട്ടെടുത്തു. കോളേജിൽ അതിക്രമിച്ച് കയറി ദൃശ്യങ്ങൾ പകർത്തിയതിന് മാപ്പ് എഴുതി വാങ്ങി പൊലീസ് പിന്നീട് ഇവരെ വിട്ടയച്ചു. വിദേശികൾ ലണ്ടൻ, ഫ്രാൻസ് എന്നിവിടങ്ങളിൽനിന്നുള്ളവരാണ്.

**കൂവിതോൽപ്പിക്കാൻ....***എറണാകുളം ലാ കോളേജിൽ വാലന്റൈൻസ്ദിനാഘോഷത്തിനിടയിൽ പൊലീസ്കാമ്പസിൽ കയറിയപ്പോൾ വിദ്യാർത്ഥികൾകൂകിവിളിക്കുന്നു ഫോട്ടോ: എൻ. ആർ. സുധർമ്മദാസ്*

# അഡാർ ഗാനത്തിന് ഹൈദരാബാദിൽ കേസ്

## പാട്ട് പിൻവലിക്കില്ല

ഹൈദരാബാദ്: ഒരാഴ്ചയ്ക്കും മുൻപ് ഇന്ത്യയൊട്ടാകെയുള്ള പ്രേക്ഷകരുടെ ഉള്ളം കവർന്ന ഗാനം ഹൈദരാബാദിൽ പുലിവാല് പിടിച്ചു. ഒമർലുലുസംവിധാനം ചെയ്ത 'ഒരു അഡാർ ലവി'ലെ 'മാണിക്യമലരായ പൂവി' എന്ന ഗാനരംഗത്തിൽ അഭിനയിച്ച് പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ പ്രിയ പ്രകാശ് വാര്യർക്കെതിരെയാണ് ഹൈദരാബാദിലെ ഒരുകൂട്ടം മുസ്ലിം യുവാക്കൾ പരാതി നൽകിയത്. ഇതിനു പിന്നാലെ അണിയറപ്രവർത്തകർഗാനംപിൻവലിക്കുമെന്ന് വാർത്തകൾ പുറത്തുവന്നു. എന്നാൽ ഇന്നലെ രാത്രി സംവിധായകൻ കൊച്ചിയിൽ വാർത്താസമ്മേളനം നടത്തി വാർത്ത നിഷേധിച്ചു.

പ്രവാചകൻ മുഹമ്മദ് നബിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി എഴുതിയ വരികൾക്ക് അനുയോജ്യമല്ലാത്ത ഭാവങ്ങളാണ് പെൺകുട്ടി ഗാനരംഗത്തിൽ നൽകിയിരിക്കുന്നതെന്നാണ് പ്രിയയ്ക്കെതിരെയുള്ള പരാതി. വരികളെ അപമാനിക്കുന്ന തരത്തിലാണ് പെൺകുട്ടിയുടെഭാവങ്ങൾഎന്ന് വിശദീകരിച്ച് അദ്നാൻ ഖമർ എന്നയാൾ ഫേസ്ബുക്കിൽ ലൈവ്വീഡിയോയും പോസ്റ്റ് ചെയ്തിരുന്നു.

57 യുവാക്കൾ ഒപ്പിട്ടാണ് ഹൈദരാബാദ് പൊലീസിന് പരാതി സമർപ്പിച്ചത്.